**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3056** **13-07-2022 - ൽ മറുപടിയ്ക്ക്**

**ചന്ദ്രനഗർ കോളനിയിലെ റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2020 മാർച്ചിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ ചന്ദ്രനഗർ കോളനിയിലെ വിവിധ റോഡുകളുടെ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 2020 മാർച്ചിൽ ഭരണാനുമതി നൽകിയ മലമ്പുഴ മണ്ഡലത്തിലെ ചന്ദ്രനഗർ കോളനിയിലെ വിവിധ റോഡുകളുടെ നവീകരണ പ്രവൃത്തിയുടെ 600 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി ഉത്തരമേഖലാ നിരത്തു വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ ടെണ്ടർ ചെയ്ത തീയതിയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിച്ച തീയതിയും അറിയിക്കാമോ; | (ബി) | 11.08.2020-ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്യുകയും 23.09.2021-ൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാവുകയും ചെയ്തു. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണവും പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ? | (ഡി) | ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 21.05.2022-ൽ പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി എസ്റ്റിമേറ്റ് ഉത്തരമേഖലാ നിരത്തു വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു. സാങ്കേതികാനുമതി നൽകി ടെണ്ടർ പൂർത്തീകരിച്ചതിനു ശേഷം തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

File No.PWD-PS1/16/2019-PWD

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുമരാമത്ത് വകുപ്പ് - നിരത്ത് വിഭാഗം, പാലക്കാട് മലമ്പുഴ നിയോജകമണ്ഡലത്തിലെ "ചന്ദ്രനഗർ കോളനിയിലെ വിവിധ റോഡുകൾ അഭിവൃദ്ധിപ്പെടുത്തൽ (മരുതറോഡ് ഗ്രാമപഞ്ചായത്ത്)" എന്ന പ്രവൃത്തിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (പി.എസ്) വകുപ്പ്

സ.ഉ.(സാധാ) നം.381/2020/പൊ.മ.വ  തീയതി തിരുവനന്തപുരം, 31/03 2020

---

പരാമർശം:- 1 പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 10.09.2019, 07.03.2020 തീയതികളിലെ CE/Roads/PLG/PLKD/RD-2018/2011/PRICE നം കത്തുകൾ

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ മലമ്പുഴ നിയോജകമണ്ഡലത്തിലെ "<u>ചന്ദ്രനഗർ കോളനിയിലെ വിവിധ റോഡുകൾ അഭിവൃദ്ധിപ്പെടുത്തൽ (മരുതറോഡ് ഗ്രാമപഞ്ചായത്ത്)</u>" എന്ന പ്രവൃത്തിയ്ക്കായി DSOR 2016 അടിസ്ഥാനമാക്കി തയ്യാറാക്കിയ 6 കോടി രൂപയുടെ എസ്റ്റിമേറ്റ് പരാമർശിത കത്ത് മുഖേന പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പാലക്കാട് ജില്ലയിലെ മലമ്പുഴ നിയോജകമണ്ഡലത്തിലെ "ചന്ദ്രനഗർ കോളനിയിലെ വിവിധ റോഡുകൾ അഭിവൃദ്ധിപ്പെടുത്തൽ (മരുതറോഡ് ഗ്രാമപഞ്ചായത്ത്)" എന്ന പ്രവൃത്തിക്ക് '5054-04-337 97 16 എന്ന ശീർഷകത്തിൽ നിന്നും 6 കോടി രൂപയ്ക്ക് (ആറ് കോടി രൂപ മാത്രം) ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിമി.എ.എസ്
ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്തുകൾ), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
സൂപ്രണ്ടിംഗ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും), നോർത്ത് സർക്കിൾ, കോഴിക്കോട്
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) / ആഡിറ്റ് കേരള, തിരുവനന്തപുരം/ തൃശ്ശൂർ.
ധനകാര്യ വകുപ്പ് (10625701/PW-B1/704/2018-FIN തീയതി 27/03/2020)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ